TUESDAY 24/09/2024 ചൊവ്വാഴ്ച



# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ

## FARM INFORMATION BUREAU

**Agriculture Development & Farmer's Welfare Department**

**Government of Kerala**

Chief Editor: Nizam S A    Editor: Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 24/09/2024

1. മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് സർക്കാരിന്റെ നാലാം 100 ദിന കർമ്മ പരിപാടി ആറ്റുമൺപുറം നീർത്തട പദ്ധതി ആർ. ഐ. ഡി. എഫ്. 25 - ൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ആസ്തി കൈമാറ്റം നാളെ (സെപ്റ്റംബർ 25) ഉച്ചയ്ക്ക് 3 മണിക്ക് വിതുര ഗ്രാമപഞ്ചായത്തിലെ മണലി വാർഡിലെ തണ്ണിപ്പെട്ടി ഗ്രൗണ്ടിൽ വച്ച് കൃഷി, മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മന്ത്രി പി.പ്രസാദ് ഉദ്ഘാടനം നിർവ്വഹിക്കുന്നു. അരുവിക്കര എം.എൽ.എ. അഡ്വ.ജി.സ്റ്റീഫൻ ചടങ്ങിന് അദ്ധ്യക്ഷത വഹിക്കുന്നു.

2. കോട്ടയം ജില്ലയിലെ കോഴ ജില്ലാ കൃഷിത്തോട്ടത്തിൽ ടിഷ്യുകൾച്ചർ നേന്ത്രൻ വാഴ തൈകൾ 20 രൂപ നിരക്കിൽ ലഭ്യമാണ്. കൂടുതൽ വിവരങ്ങൾക്ക് 9383470723 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

3. രാജ്യത്തെ തനത് ജനുസ്സിൽപ്പെട്ട കന്നുകാലികളെ ശാസ്ത്രീയമായി പരിപാലിക്കുന്ന വ്യക്തികൾക്കും, ഏറ്റവും നല്ല എ.ഐ ടെക്നീഷ്യനും, ഡെയറി കോപ്പറേറ്റീവ്/ മിൽക്ക് പ്രൊഡ്യൂസർ കമ്പനി/ ഡെയറി ഫാർമർ ഓർഗനൈസേഷൻ എന്നീ വിഭാഗങ്ങൾക്കും 'ദേശീയ ഗോപാൽരത്ന പുരസ്കാരം 2024' നൽകുന്നു. Ministry of Home Affairs (MHA) യുടെ https://awards.gov.in എന്ന ഓൺലൈൻ പോർട്ടലിലൂടെ അവാർഡിനായി അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ഈ മാസം (സെപ്റ്റംബർ) 30 ആണ്.

4. സംസ്ഥാന ജൈവവൈവിധ്യ ബോർഡിന്റെ 2024-25 പ്ലാനിലെ 'ജൈവവൈവിധ്യ ബോധവൽക്കരണവും വിദ്യാഭ്യാസവും' എന്ന ഘടകത്തിൽ തൽപരരായിട്ടുള്ള സ്കൂളുകൾ,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

കോളജ്ജുകൾ, സർവകലാശാല വകുപ്പുകൾ, ഗവേഷണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ജൈവവൈവിധ്യ സെമിനാർ/ശിൽപശാല/സിംപോസിയം എന്നിവ സംഘടിപ്പിക്കുന്നതിന് ധനസഹായത്തിന് അപേക്ഷിക്കാം. കൂടുതൽ വിവരങ്ങൾക്ക് www.keralabiodiversity.org എന്ന വെബ് സൈറ്റ് സന്ദർശിക്കുക.

5. വെള്ളായണി കാർഷിക കോളേജിലെ ട്രെയിനിങ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിത ഉത്പന്നങ്ങൾ എന്ന വിഷയത്തിൽ ഒരു പ്രായോഗിക പരിശീലന പരിപാടി സെപ്റ്റംബർ 24 ന് രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ, ബാലരാമപുരം നാളികേര ഗവേഷണ കേന്ദ്രത്തിൽ വച്ച് സംഘടിപ്പിക്കുന്നു. പരിശീലന ഫീസ് 500 രൂപ. കൂടുതൽ വിവരങ്ങൾക്ക് 8891540778 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

6. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **കൂൺ കൃഷി'** എന്ന വിഷയത്തിൽ 2024 സെപ്റ്റംബർ 25 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/ രൂപ താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ്.

7. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള തൃശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ **'നഴ്സറി പരിപാലനം'** എന്ന വിഷയത്തിൽ 2024 സെപ്റ്റംബർ 27 ന് ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 300/ രൂപ. താല്പര്യമുള്ളവർ 9400483754 എന്ന ഫോൺ നമ്പറിൽ രജിസ്റ്റർ ചെയ്യാവുന്നതാണ് .

8. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 25.09.2024 മുതൽ മൃഗസംരക്ഷണ മേഖലയിലെ വിവിധ വിഷയങ്ങളെക്കുറിച്ച് (പശു, ആട്, മുയൽ, കോഴി,

കാട) 5 ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ - താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

9. കോട്ടയം ക്ഷീരപരിശീലന കേന്ദ്രത്തിൽ വച്ച് 2024 സെപ്റ്റംബർ 24 മുതൽ 28 വരെ തീയതികളിൽ 'Scientific Dairy Farming' 'എന്ന വിഷയത്തിൽ അഞ്ചു ദിവസത്തെ പരിശീലനം സംഘടിപ്പിക്കുന്നു. താൽപര്യമുള്ളവർ ഇന്ന് (സെപ്റ്റംബർ 24) രാവിലെ 10 മണിക്ക് കോട്ടയം ഈരയിൽക്കടവിലുള്ള ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്തി രജിസ്ട്രേഷൻ നടത്തേണ്ടതാണ്. രജിസ്ട്രേഷൻ ഫീസ് 20 രൂപ. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് ഭക്ഷണം, അർഹമായ യാത്രാബത്ത, ദിനബത്ത എന്നിവ ലഭിക്കുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് 0481-2302223, 9447506934 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

10. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 സെപ്റ്റംബർ മാസം 27, 28 തീയ്യതികളിൽ '**വ്യാവസായിക അടിസ്ഥാനത്തിലുള്ള പശു വളർത്തൽ**', എന്ന വിഷയത്തിൽ ദ്വിദിന പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 26/09/2024 ന് മുമ്പായി പരിശീലന കേന്ദ്രത്തിൽ താഴെ കൊടുത്ത ഫോൺ നമ്പറിൽ പേര് രജിസ്റ്റർ ചെയ്യാവുന്നതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ 04972-763473.

11. ക്ഷീര വികസന വകുപ്പ് വലിയതുറ സ്റ്റേറ്റ് ഫോഡർ ഫാമിൽ 2024 സെപ്തംബർ 26, 27 തീയതികളിൽ ക്ഷീരകർഷകർക്കായി സമഗ്ര പരിശീലനം നൽകുന്നു. പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് 9388834424/9446453247 ലേക്ക് whatsapp

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ചെയ്യുകയോ പ്രവർത്തി ദിവസങ്ങളിൽ വിളിക്കുകയോ ചെയ്യുക. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ, ബാങ്ക് പാസ്ബുക്ക്എന്നിവയുടെ പകർപ്പുകൾ കൊണ്ടുവരേണ്ടതാണ്.

12. കോട്ടയം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള ഫിഷറീസ് ഈ ഗ്രാൻ്റിനുള്ള അപേക്ഷകൾ ഈ സാമ്പത്തികവർഷം പുതിയ ഇ-ഗ്രാന്റ്സ് സോഫ്റ്റ്‌വേറിലൂടെ നൽകണം. സ്ഥാപന മേധാവികൾ 2023-24 സാമ്പത്തിക വർഷം വരെയുള്ള എല്ലാ ക്ലെയിമും 2024 ഒക്ടോബർ 15 ന് മുമ്പ് പൂർത്തിയാക്കണം. ഗ്രാന്റിന് അർഹതയുള്ള വിദ്യാർത്ഥികൾ ഫോം നമ്പർ നാലിൽ അപേക്ഷിച്ച് അപേക്ഷ ഇ- ഗ്രാന്റ്സ് സോഫ്റ്റ്‌വേറിൽ അപ്ലോഡ് ചെയ്യണം. അപേക്ഷ ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഇ ഗ്രാൻ്റ് സോഫ്റ്റ്‌വേറിലൂടെ അംഗീകാരം നൽകി ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് അയക്കണം. ഹാർഡ് കോപ്പി തപാൽ മാർഗം സമർപ്പിക്കണം. അപേക്ഷയ്ക്കൊപ്പം മത്സ്യ തൊഴിലാളി ക്ഷേമനിധി പാസ്സ് ബുക്കിൻ്റെ കോപ്പി, മത്സ്യ തൊഴിലാളി ക്ഷേമനിധി ഓഫീസറുടെ സാക്ഷ്യപത്രം, ഫാറം നമ്പർ നാലിലെ പേജ് മൂന്നിലുള്ള സാക്ഷ്യപത്രം, ആധാറിന്റെ പകർപ്പ്. ബാങ്ക് പാസ്സ് ബുക്കിന്റെ പകർപ്പ്, എസ്.എസ്.എൽ.സി. ബുക്കിൻ്റെ പകർപ്പ്.. അലോട്മെന്റ് മെമ്മോ, സ്വകാര്യ സ്വാശ്രയ സ്ഥാപനങ്ങളിലാണ് പഠിക്കുന്നതെങ്കിൽ അതാത് സ്ഥാപനങ്ങൾക്കുള്ള ട്യൂഷൻ ഫീസ്, എക്സസാം ഫീസ്, സ്പെഷ്യൽ ഫീസ് എന്നിവ നിശ്ചയിച്ചുകൊണ്ടുള്ള ബന്ധപ്പെട്ട ഫീ റെഗുലേറ്ററി കമ്മിറ്റിയുടെ ഉത്തരവ് എന്നിവ ഹാജരാക്കണം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം